(സി) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മാസങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിലേക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിച്ചുകൊണ്ട് തൊഴിലാളികൾക്ക് സൗജന്യ റേഷൻ, ജോലിക്ക് ഭക്ഷണം എന്നിവ നൽകി വരുന്നു. ഇതിനു പുറമെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മെഡിക്കൽ സഹായം എന്നിവയും നൽകിയിട്ടുണ്ട്. പീരുമേട് താലൂക്കിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മൊബൈൽ മെഡിക്കൽ വാൻ നൽകിയിട്ടുണ്ട്. ലയങ്ങളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ സൗജന്യ റേഷൻ ലഭിക്കുന്ന 9839 തൊഴിലാളികൾക്ക് കഴിഞ്ഞ ഓണക്കാലത്ത് 500 രൂപാ വീതം ആകെ 49,19,500 രൂപ എക്സ്ഗ്രേഷ്യാ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) അടച്ചു പൂട്ടിയ തോട്ടങ്ങളൊന്നും ഏറ്റെടുക്കാൻ കേരള സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ നിയമനം

*27 [117] ശ്രീ. മത്തായി ചാക്കോ:
,, മഞ്ഞളാംകുഴി അലി:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിലുള്ള എല്ലാ റൂട്ടുകളിലും ബസ് സർവ്വീസ് നടത്താനാവശ്യമായ സ്റ്റാഫിന്റെ നിയമനം നടത്താനുദ്ദേശിക്കുന്നുണ്ടോ; തൊഴിലാളികളുടെ കുറവുമൂലം സർവ്വീസുകൾ അവതാളത്തിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ കോർപ്പറേഷനിൽ ഏതെല്ലാം തസ്തികകളിൽ എത്ര സ്ഥിരം ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും യഥാസമയം നിയമനം നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ പ്രഖ്യാപിത നിലപാട് എന്താണ്; അതിന് അനുസൃതമായിട്ടാണോ കെ.എസ്.ആർ.ടി.സി. യിൽ നിയമനം നടത്തുന്നത്;

(ഇ) ഇപ്പോൾ കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. വഴിയല്ലാതെ നിയമനം ലഭിച്ച എത്ര പേർ താൽക്കാലികമായി ജോലി നോക്കിവരുന്നുണ്ട്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ.എസ്.ആർ.ടി.സി. യിൽ നിലവിലുള്ള എല്ലാ സർവ്വീസുകളും നടത്തുന്നതിനാവശ്യമായ ജീവനക്കാരുണ്ട്. സ്റ്റാഫിന്റെ അഭാവംമൂലം സർവ്വീസുകൾ നടക്കാതിരുന്നത് വളരെ വിരളമാണ്.

(ബി) ഇപ്പോൾ കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാരുടെ ഒഴിവുകളില്ല.

(സി) പി.എസ്.സി. ലിസ്റ്റിൽ നിന്ന് താൽക്കാലിക നിയമനം നടത്തുന്നുണ്ട്.

(ഡി) സർക്കാരിന്റെ നിലവിലുള്ള നയങ്ങൾക്കും, നിയമനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായാണ് നിയമനം നടത്തുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഡിപ്പോകളിലുമായി വിവിധ തസ്തികകളിൽ പി.എസ്.സി. വഴി അല്ലാതെ ഏകദേശം 6000 താൽക്കാലിക ജീവനക്കാർ ജോലി ചെയ്തു വരുന്നു.

കൈത്തറി തൊഴിലാളികൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ

*28 [118] ശ്രീ. സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കായി നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) ഇവർക്ക് കിട്ടുന്ന ദിവസക്കൂലി നിജപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly